റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകളിൽ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് 29-5-2013-ലെ സ.ഉ (എം.എസ്) നം 230/13/റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതിയിൽ നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ ടി പദ്ധതി പ്രാവർത്തികമായി കൂടുതൽ വില്ലേജുകൾ നിലവിൽ വരുന്നതോടെ നാളിതുവരെ നിലവിലുണ്ടായിരുന്ന ഭരണപരമായ അസൗകര്യങ്ങളും ജനങ്ങളുടെ യാത്രാക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുമുള്ളതുമായ സേവനം പ്രദാനം ചെയ്യുവാനും കഴിയുന്നതാണ്.

സർവ്വകലാശാലകളുടെ പ്രവർത്തന കലണ്ടർ

30 (*270) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ആർ. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രവേശനം മുതൽ പരീക്ഷവരെയുള്ള പ്രവർത്തനം സംബന്ധിച്ച കലണ്ടർ പ്രസിദ്ധീകരിക്കാറുണ്ടോ ;

(ബി) ഇതിന് സംസ്ഥാനത്ത് ഏകീകൃത സ്വഭാവമുണ്ടോ ;

(സി) പ്രവേശനവും പരീക്ഷകളും യഥാസമയം നടത്താത്തതു കാരണം കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ഉപരിപഠനത്തിനും ജോലി ലഭ്യതയ്ക്കും തടസ്സങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനവും ബിരുദസർട്ടിഫിക്കറ്റുകളുടെ വിതരണവും അനന്തമായി നീളുന്നത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത് പരിഹരിക്കുന്നതിന് പരീക്ഷകളും, ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും കൃത്യതയോടെ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി) ഇപ്പോൾ ഏകീകൃത സ്വഭാവമില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) പരീക്ഷകളുടെ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റുകളുടെ വിതരണവും കഴിയുന്നിടത്തോളം സമയബന്ധിതമായി നടത്തുവാൻ സർവ്വകലാശാലകൾ നടപടികൾ സ്വീകരിച്ചുവരുന്നു. ബിരുദ സർട്ടിഫിക്കറ്റുകളുടെ വിതരണത്തിനായി ചില സർവ്വകലാശാലകൾ ഫാസ്റ്റ്ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണുന്നതിന്റെ ഭാഗമായി സർവ്വകലാശാലകളിൽ ഒരു ഏകീകൃത അക്കാദമിക് കലണ്ടർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16 അദ്ധ്യായന വർഷം മുതൽ ഏകീകൃത അക്കാദമിക് കലണ്ടർ സംവിധാനം നടപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലവനായി ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അക്കാദമിക് കലണ്ടർ സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിയ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സർവ്വകലാശാലകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇ-ഗവേണൻസ് സംവിധാനം നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്മാർട്ട് ക്ലാസ്റൂമുകളാക്കി മാറ്റുന്നതിന് പദ്ധതി

1 (2453) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുന്നതിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതു വിനിയോഗിച്ച് ഏതൊക്കെ കോളേജുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly